**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2460** **24-06-2024 - ൽ മറുപടിയ്ക്ക്**

**ധനകാര്യ പരിശോധന റിപ്പോർട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ധനകാര്യ പരിശോധന വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ടുകളിന്മേൽ പലപ്പോഴും ബന്ധപ്പെട്ട ഭരണ വകുപ്പുകൾ സമയബന്ധിതമായി തുടർ നടപടികൾ എടുക്കുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പരിശോധന റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങളിന്മേൽ നടപടി എടുക്കുന്നതിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ധനവകുപ്പ് പുറത്തിറക്കിയ സർക്കുലർ പ്രകാരം ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുത്തിട്ടുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെയാണ് നടപടി സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | (ബി) | ധനകാര്യ പരിശോധന വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ തയ്യാറാവാത്ത ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ 31.07.2018 ലെ സർക്കുലർ നമ്പർ.71/2018/ധന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പരിശോധനാ റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങളിന്മേലുള്ള നടപടി റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലവിളംബം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതായ ചുമതല നിക്ഷിപ്തമായിട്ടുള്ളത് ബന്ധപ്പെട്ട ഭരണ വകുപ്പുകളിലാണ്. ഇപ്രകാരം ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ച വിവരം ഭരണ വകുപ്പിൽ നിന്നും അറിയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ